'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2025-26 - റോഡിതര സംരക്ഷണ ഫണ്ട് - കിളിമാനൂർ ഗ്രാമപഞ്ചായത്ത് - 2023-24 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റോഡിതര സംരക്ഷണ ഫണ്ട്, വികസന (പൊതു വിഭാഗം) ഫണ്ടിൽ എന്നിവയിൽ നിന്നും ഗുണഭോക്താവിന് നൽകിയതും എന്നാൽ ട്രാൻസ്ഫർ ക്രഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുകകൾ പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സിസെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം.4859/2025/ധന തീയതി, തിരുവനന്തപുരം, 31-05-2025

---

പരാമർശം : 1. 23/01/2025 തീയതിയിലെ കിളിമാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ എസ്.സി1/2013/24 നം. കത്ത്.

2. 18/10/2024, 30/01/2025 തീയതികളിലെ കിളിമാനൂർ സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രങ്ങൾ.

3. സ.ഉ. (പി) നം. 86/2016/ധന തീയതി: 17.06.2016.

**ഉത്തരവ്**

2023-2024 -ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കിളിമാനൂർ ഗ്രാമപഞ്ചായത്ത് എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ 2023-24 പ്രോജക്ട് നം. 11/23-24 എഫ്.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ - അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, പ്രോജക്ട് നം.89/23-24 - പാലിയേറ്റീവ് കെയർ മരുന്ന് വാങ്ങൽ എന്നീ പദ്ധതികൾക്കായി മെയിന്റനൻസ് നോൺറോഡ് ഫണ്ടിൽ നിന്നും ഗുണഭോക്താക്കൾക്ക് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ ₹1,37,598/- യും, ഐസിഡിഎസ് സൂപ്പർ വൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം. 80/23-24 - സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ കലാകായിക മത്സരങ്ങൾ എന്ന പദ്ധതിയ്ക്കായി വികസന (പൊതു വിഭാഗം) ഫണ്ടിൽ നിന്നും ഗുണഭോക്താവിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ

സർക്കാരിലേക്ക് തിരികെ പോയതുമായ ₹8750/- യും പുനരനുവദിക്കാനായി പരാമർശം (1) പ്രകാരം സർക്കാരിന് കിളിമാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സൂചന (2) ലെ കിളിമാനൂർ സബ്‌ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രങ്ങളുടെയും, സൂചന (3) ലെ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 2023-2024 -ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കിളിമാനൂർ ഗ്രാമപഞ്ചായത്ത് എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ എഫ്.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ - അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, പാലിയേറ്റീവ് കെയർ മരുന്ന് വാങ്ങൽ എന്നീ പദ്ധതികളുടെയും, ഐസിഡിഎസ് സൂപ്പർ വൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം. 80/23-24 - സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ കലാകായിക മത്സരങ്ങൾ എന്ന പദ്ധതിയുടെയും ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിലെ മെയിന്റനൻസ് നോൺറോഡ് ഫണ്ടിന്റെ 3604-00-200-82-05-00-00-NV ശീർഷകത്തിൽ നിന്നും ₹1,37,598/- യും (ഒരു ലക്ഷത്തി മുപ്പത്തി ഏഴായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റെട്ട് രൂപ മാത്രം), 2025-26 സാമ്പത്തിക വർഷത്തിലെ വികസന ഫണ്ടിന്റെ 3604-00-200-81-05-35-00-NV (പൊതുവിഭാഗം) ശീർഷകത്തിൽ നിന്നും ₹8750/- യും (എണ്ണായിരത്തി എഴുനൂറ്റി അൻപത് രൂപ മാത്രം) യഥാക്രമം കിളിമാനൂർ ഗ്രാമപഞ്ചായത്തിന് (G010201) പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുകകൾ പിൻവലിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കിളിമാനൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3057987)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ